

ടിനി ഫിലിപ്പ്

**The Contrarian Consultant**

*ഇന്ത്യയിലും ജി.സി.സി രാഷ്ട്രങ്ങളിലുമായി സ്ഥായിയായ ബിസിനസ് മോഡലുകൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ സംരംഭകരുമായി ചേർന്ന് പ്രവർത്തിക്കുന്ന ബിസിനസ് അഡ്വൈസറാണ് ലേഖകൻ. 1992ൽ IIM(L) ൽ നിന്ന് PGDM എടുത്തതിനുശേഷം ബിസിനസ് അഡ്വൈസറായി പ്രവർത്തനം ആരംഭിച്ച അദ്ദേഹം റിസൾട്ട്സ് കൺസൾട്ടിംഗ് ഗ്രൂപ്പിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറാണ്. email: tinyphilip@gmail.com, website: www.we-deliver-results.com*

# യാഥാർത്ഥ്യം മനസിലാക്കിയാൽ നിങ്ങൾക്കും വളരാം

## ഫാന്റസിയുടെ അടിസ്ഥാനത്തിലെടുക്കുന്ന തീരുമാനങ്ങൾ എങ്ങനെ ബിസിനസിനെ ബാധിക്കുന്നു

തെരഞ്ഞെടുക്കുന്നതിന് അനുസരിച്ച് അഭിവൃദ്ധി! (Thriving by Choice!) എന്ന ലേഖന പരമ്പരയിലെ ഈ ആറാം ഭാഗത്തിൽ ക്രിട്ടിക്കൽ ചോയ്സസ് ഫ്രെയിംവർക്ക് ഉപയോഗപ്പെടുത്തി ബിസിനസിനോടുള്ള വ്യത്യസ്ത കാഴ്ച്ചപ്പാടിലുള്ള സമീപനത്തെ (Contrarian Approach to Business) കുറിച്ചാണ് വിശദീകരിക്കുന്നത്. ബിസിനസിലെ ജനപ്രിയ സമീപനത്തി (Popular Approach to Business) നുള്ള ബദൽ എന്ന നിലയിലാണിത് ഉപയോഗിക്കുന്നത്. ചിത്രം 1 കാണുക.

*ചിത്രം 1* - **Critical Choices Framework**




മുൻ ലക്കങ്ങളിൽ ക്രിട്ടിക്കൽ ചോയ്സസ് ഫ്രെയിംവർക്കിന്റെ ആദ്യ നാല് ഘടകങ്ങളാണ് നമ്മൾ പരിശോധിച്ചത്. 1. ഉത്കർഷേച്ഛയോടെയുള്ള പ്രായോഗിക വീക്ഷണം (Ambitious Practical Vision), 2. മൂലധന നിക്ഷേപത്തിൽ നിന്നുള്ള നേട്ടം (ROCE Focus), 3. സുസ്ഥിര വളർച്ച (Sustainable Growth), 4. ഫോക്കസ്ഡ് ഇന്നൊവേഷൻ.

ഫ്രെയിംവർക്കിലെ അഞ്ചാമത്തെ ഘടകമായ യാഥാർത്ഥ്യത്തെ അടിസ്ഥാനമാക്കിയുള്ള ചിന്ത (Reality Based Thinking) നമുക്ക് പരിശോധിക്കാം.

ലോകത്ത് നടക്കുന്ന യാഥാർത്ഥ്യങ്ങളെ കുറിച്ച് സംരംഭകർ മനസിലാക്കി, അതിന്റെ അടിസ്ഥാനത്തിൽ വേണം തീരുമാനങ്ങളെടുക്കാൻ.

യാഥാർത്ഥ്യങ്ങളെ പല കാരണങ്ങളാൽ അവഗണിക്കുകയും ഫാന്റസിയുടെ അടിസ്ഥാനത്തിൽ തീരുമാനങ്ങളെടുത്തു തുടങ്ങുകയും ചെയ്താൽ അത് അവരുടെ ബിസിനസിന് നല്ലതായിരിക്കില്ല.

യാഥാർത്ഥ്യത്തെ മനസിലാക്കാൻ സംരംഭകർ മുൻവിധികളെ അവഗണിക്കുകയും യഥാർത്ഥത്തിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നതെന്ന് ശാസ്ത്രീയമായ രീതിയിൽ പഠിക്കുകയും വേണം.

ഇന്ന് സംരംഭകൻ ശരിയായ രീതിയിൽ മനസിലാക്കേണ്ട യാഥാർത്ഥ്യങ്ങളിലൊന്ന് നിലവിലെ സമ്പദ്വ്യവസ്ഥയുടെ അവസ്ഥയാണ്. മുൻകാലങ്ങളെ അപേക്ഷിച്ച് വലിയ മാറ്റമാണിത്. 2016ന് മുമ്പ് ഇന്ത്യയിലെ ഒരു സംരംഭകന് സമ്പദ്വ്യവസ്ഥയെ കുറിച്ച് ശരിക്കും ആശങ്കപ്പെടേണ്ടതില്ലായിരുന്നു. 2008ലെ ആഗോള സാമ്പത്തിക പ്രതിസന്ധി പോലും ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ കാര്യമായി ബാധിച്ചിരുന്നില്ല.

എന്നാൽ, 2016ലെ നോട്ട് നിരോധനവും 2017ലെ ജി.എസ്.ടി നടപ്പാക്കലും എല്ലാം മാറ്റിമറിച്ചു. ഈ രണ്ട് സുപ്രധാന തീരുമാനങ്ങളും അസംഘടിത മേഖലയിൽ നിന്ന് സംഘടിത മേഖലയിലേക്കുള്ള ബിസിനസിന്റെ മാറ്റത്തെ ത്വരിതപ്പെടുത്തിക്കൊണ്ട് ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ ഘടനയെ വലിയ തോതിൽ മാറ്റാൻ തുടങ്ങി.

ഈ രണ്ട് തീരുമാനങ്ങളും നടപ്പിലാക്കുന്നത് വരെ ഇന്ത്യയിലെ അസംഘടിത-സംഘടിത മേഖലകളുടെ സഞ്ചാരപഥം ഏറെക്കുറെ സമാനമായിരുന്നു. ഈ തീരുമാനങ്ങൾക്കൊപ്പം ലോക്ക്ഡൗൺ കൂടിയായപ്പോൾ അസംഘടിത മേഖല നാടകീയമായി തകർന്നു തുടങ്ങുകയും അവയുടെ ചെലവിൽ സംഘടിത മേഖല വളരുകയും ചെയ്തു.

നിരവധി പേർക്ക് തൊഴിൽ നൽകിയിരുന്ന അസംഘടിത മേഖലയിൽ നിന്ന് ബിസിനസുകൾ സംഘടിത മേഖലകളിലേക്ക് മാറിയത് വൻതോതിലുള്ള തൊഴിലില്ലായ്മയിലേക്ക് രാജ്യത്തെ നയിച്ചു. അസംഘടിത മേഖലകളിലെ അതേ ഉൽപ്പാദനം നടത്താൻ സംഘടിത മേഖലയ്ക്ക് 25 ശതമാനം കുറച്ച് മാനവവിഭവ ശേഷി മതിയായിരുന്നു.

അസംഘടിത മേഖലകളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമല്ലെന്നത് മിക്ക സംരംഭകരെയും സമ്പദ്വ്യവസ്ഥയുടെ യഥാർത്ഥ അവസ്ഥ സംബന്ധിച്ച് ആശയക്കുഴപ്പത്തിലാക്കുന്നുവെന്നതാണ് മറ്റൊരു പ്രശ്നം.

ജി.ഡി.പി കണക്കുകളടക്കമുള്ള വിവിധ സാമ്പത്തിക വിവരങ്ങളും സംഘടിത മേഖലകളിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ളവയാണ്. അസംഘടിത മേഖലയുടെ വളർച്ചയും സംഘടിത മേഖലയു



ടേതിന് സമാനമാണെന്ന് അനുമാനിക്കപ്പെടുകയാണ് ചെയ്യുന്നത്.

രാജ്യത്തെ അസംഘടിത മേഖലയിൽ എന്താണ് നടക്കുന്നതെന്ന് വ്യക്തമാക്കാതെ വൻകിട കമ്പനികളുടെ പ്രകടനത്തിന്റെ പ്രതിഫലനം മാത്രമാണ് ഓഹരി സൂചികകൾ കാണിക്കുന്നതെങ്കിലും സാമ്പത്തിക സ്ഥിതിയുടെ മറ്റൊരു അളവുകോലായി കണക്കാക്കുന്നത് അതാണ്.

പതിവായി റെക്കോഡ് സംഖ്യകൾ പറയുന്ന ജി.എസ്.ടി സമാഹരണത്തിന്റെ സ്ഥിതിയും ഇതുതന്നെയാണ്. അസംഘടിത മേഖലയിൽ നിന്ന് സംഘടിത മേഖലയിലേക്ക് ബിസിനസുകൾ മാറിയതിന്റെ പ്രതിഫലനം മാത്രമാണ് അതിൽ കാണുന്നത്. അല്ലാതെ അസംഘടിത മേഖലയിൽ എന്താണ് സംഭവിക്കുന്നതെന്ന് അത് കാണിക്കുന്നില്ല.

നിർഭാഗ്യവശാൽ ബിസിനസിനോടുള്ള ജനപ്രിയ സമീപനം പിന്തുടരുന്ന മിക്ക സംരംഭകരും സമ്പദ്വ്യവസ്ഥ എല്ലായ്പ്പോഴും നല്ല നിലയിൽ ആണെന്ന് വിശ്വസിക്കുന്നവരാണ്. ഒന്നുകിൽ സമ്പദ്വ്യവസ്ഥ കുതിച്ചുയരുകയാണെന്നും അതല്ല നന്നായി പ്രവർത്തിക്കുന്നില്ലെങ്കിൽ, ഭാവിയിൽ കുതിച്ചുയരുമെന്നും അവർ കരുതുന്നു.

ബിസിനസിലെ ജനപ്രിയ സമീപന മാതൃക കുതിച്ചുയരുന്ന സമ്പദ്വ്യവസ്ഥയിൽ മികച്ച പ്രകടനം നടത്തുകയും സാമ്പത്തിക മേഖല കുറേകാലത്തേക്ക് മോശം അവസ്ഥയിലാകുകയാണെങ്കിൽ ദയനീയമായി പരാജയപ്പെടുകയും ചെയ്യുമെന്നതാണ് പോസിറ്റീവായ ഈ മുൻവിധിക്ക് കാരണമെന്ന് കരുതുന്നു.

അത്തരം ചിന്തകളുടെ അനന്തര ഫലം എന്തായിരിക്കുമെന്ന് വ്യത്യസ്തരായ രണ്ടു സംരംഭകരെ കുറിച്ചുള്ള കേസ് സ്റ്റഡിയിലൂടെ നമുക്ക് പരിശോധിക്കാം.

ബിസിനസിനോടുള്ള ജനപ്രിയ സമീപനം പിന്തുടരുന്ന ഒരു സംരംഭകൻ, സമ്പദ്വ്യവസ്ഥ യഥാർത്ഥത്തിൽ മാന്ദ്യത്തിലായിരുന്നപ്പോൾ അത് കുതിക്കുകയാണെന്ന് വിശ്വസിക്കുകയും ചിത്രം രണ്ടിൽ കാണിച്ചിരിക്കുന്നതു പോലെ വൻതോതിൽ വായ്പയെടുത്ത് ഉൽപ്പാദന ക്ഷമതയ്ക്ക് പ്രാധാന്യം നൽകാതെ വളർച്ചയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു.

*ചിത്രം 2* - **Living in Fantasy - Economy**




നിർഭാഗ്യവശാൽ സമ്പദ്വ്യവസ്ഥ മാന്ദ്യത്തിലായിരിക്കുകയും മത്സരം കടുക്കുകയും ചെയ്തതോടെ അഞ്ചു വർഷത്തിനു ശേഷം ബിസിനസ് അടച്ചുപൂട്ടേണ്ടി വരുന്നു. ഫാന്റസിയിൽ ജീവിക്കുക എന്നാണ് ഞാനതിനെ വിളിക്കുക.

നേരെ മറിച്ച്, ബിസിനസിൽ വ്യത്യസ്ത സമീപനം കൈക്കൊള്ളുന്ന മറ്റൊരു സംരംഭകൻ, സമ്പദ്വ്യവസ്ഥ മാന്ദ്യത്തിലാണെന്ന് ശരിയായി മനസിലാക്കുകയും വായ്പ കുറച്ച്, വളർച്ചയ്ക്ക് പകരം ഉൽപ്പാദനക്ഷമതയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു. ചിത്രം മൂന്ന് കാണുക.

*ചിത്രം 3* - **Reality Based Thinking**




സമ്പദ്വ്യവസ്ഥ മാന്ദ്യത്തിലാണെങ്കിലും ഈ സംരംഭകന്റെ ബിസിനസ് അഭിവൃദ്ധിപ്പെടുന്നു. യാഥാർത്ഥ്യത്തെ അടിസ്ഥാനമാക്കിയുള്ള ചിന്ത (Reality Based Thinking) എന്നാണ് ഞാനിതിനെ വിശേഷിപ്പിക്കുക.

വരും ലക്കങ്ങളിൽ ക്രിട്ടിക്കൽ ചോയ്സസ് ഫ്രെയിംവർക്കിന്റെ മറ്റു ഘടകങ്ങളെ കുറിച്ച് വിശദമാക്കാം. ■